(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് വകുപ്പിന്റെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ബാധകമല്ല.

ദേശീയ ഗെയിംസിൽ പങ്കെടുത്ത കായികതാരങ്ങൾ

225 (3332) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയഗെയിംസിൽ പങ്കെടുത്ത് വാഗ്ദാനം ചെയ്ത ജോലി നാളിതുവരെ ലഭ്യമാകാത്ത പല കായികതാരങ്ങളും മറ്റ് സംസ്ഥാനങ്ങളിലെ കായികരംഗത്തേയ്ക്ക് മാറാനൊരുങ്ങുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡൽ ജേതാക്കൾക്ക് ജോലി നൽകാൻ സർക്കാർ തീരുമാനിച്ചിരുന്നോ; എങ്കിൽ എത്ര പേർക്ക് ജോലി നൽകി ; ഇനി എത്ര പേർക്ക് ജോലി നൽകാനുണ്ട്;

(സി) ഗസറ്റഡ് തസ്തികയിൽ എത്ര പേർക്ക് ജോലി നൽകാൻ തീരുമാനിച്ചിട്ടുണ്ട്; വാഗ്ദാനം ചെയ്ത പ്രകാരമുള്ള ജോലി എല്ലാ മെഡൽ ജേതാക്കൾക്കും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇല്ല. 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാനടീമിനുവേണ്ടി വ്യക്തിഗതയിനങ്ങളിൽ മെഡൽ നേടിയവരിലും ഗ്രൂപ്പിനങ്ങളിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സർക്കാർ ജോലി നൽകാനും ടീമിനങ്ങളിൽ വെള്ളി, വെങ്കലമെഡലുകൾ നേടിയവർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യുന്നതിനും സർക്കാർ തീരുമാനിക്കുകയുണ്ടായി. ആയതുപ്രകാരം 68 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികകളിൽ നിയമനം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏതൊക്കെ വകുപ്പുകളിൽ നിയമനം നൽകണം എന്ന വിഷയം പരിശോധിച്ചു വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിക്കർഹരായവർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) നാലുപേർ. നിയമനനടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly